# കേരള സർവകലാശാല

നം. പി.ആർ.144/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പുതുക്കിയ തീയതികൾ വെബ്സൈറ്റിൽ

കേരള സർവകലാശാലയുടെ വിവിധ പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷനും ഫീസടയ്ക്കാനുമുള്ള പുതുക്കിയ തീയതികളുടെ വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്തു

കേരള സർവകലാശാല ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനത്തോടനുബന്ധിച്ച് (ജൂൺ 29) കാര്യവട്ടം കാമ്പസിൽ സംഘടിപ്പിച്ച ദേശീയ സെമിനാർ സയൻസ് ആന്റ് ടെക്നോളജി ഡിപ്പാർട്ട്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. സുരേഷ് ദാസ് ഉത്ഘാടനം ചെയ്തു. സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് മേധാവി ഡോ. സതീഷ് കുമാർ ആധ്യക്ഷം വഹിച്ച ചടങ്ങിൽ ഡോ. റ്റി.എസ്.അനിരുദ്ധൻ, പ്രൊഫ. കെ.കല്യാണരാമൻ, ഡോ. പി. യാഗിൻ തോമസ് എന്നിവർ ആശംസ അർപ്പിച്ചു. ഡോ. മനോജ് ചാക്കോ സ്വാഗതവും, ഡോ. ഇ.ഐ അബ്ദുൾ സത്താർ നന്ദിയും രേഖപ്പെടുത്തി. 28, 29, 30 തീയതികളിൽ ഈ ശിൽപ്പശാല തുടരും.



## ബി.എ ഫലം

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് കരിയർ റിലേറ്റഡ് ബി.എ മലയാളം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ (2013 സപ്ലിമെന്ററി, 2014 റഗുലർ), ബി.എ കമ്മ്യൂണിക്കേറ്റീവ് അറബിക് (2014 റഗുലർ) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ജർമൻ സർട്ടിഫിക്കറ്റ് കോഴ്സ്: സീറ്റൊഴിവുണ്ട്

കേരള സർവകലാശാലയുടെ ജർമൻ ഭാഷാ പഠന വകുപ്പ് നടത്തുന്ന ജർമൻ സർട്ടിഫിക്കറ്റ് കോഴ്സിന് ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് ജൂലൈ 15 വരെ അപേക്ഷിക്കാം കേരള സർവകലാശാല അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും വിഷയത്തിലെ ബിരുദമാണ് അടിസ്ഥാന യോഗ്യത. താൽപര്യമുള്ളവർ കേരള സർവകലാശാല സെനറ്റ് ഹൗസ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന ജർമൻ വകുപ്പുമായി നേരിട്ട് ബന്ധപ്പെടേണ്ടതാണ്.

## എം.എസ്സി ബയോകെമിസ്ട്രി ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ എം.എസ്സി ബയോകെമിസ്ട്രി 2015-17 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. അശ്വതി. ജെ (BCH150501/2017) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## എം.എസ്സി ഡെമോഗ്രഫി ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ എം.എസ്സി ഡെമോഗ്രഫി 2015-17 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ആരതി ജി.ആർ (DEM150503/2017) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## എം.എസ്സി ഫിസിക്സ് ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ എം.എസ്സി ഫിസിക്സ് 2015-17 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സിനു കുര്യൻ (PHY150517/2017) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## എം.ബി.എൽ, എൽ.എൽ.എം പരീക്ഷ

കേരള സർവകലാശാലയുടെ ജൂലൈ 21-ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.ബി.എൽ, രണ്ടാം സെമസ്റ്റർ എൽ.എൽ.എം, ജൂലൈ 31-ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ എം.ബി.എൽ എന്നീ പരീക്ഷകൾക്ക് പിഴ കൂടാതെ ജൂലൈ ആറ് (50 രൂപ പിഴയോടെ ജൂലൈ 10, 125 രൂപ സൂപ്പർ ഫൈനോട് കൂടി ജൂലൈ 12) വരെ ഫീസടച്ച് അപേക്ഷിക്കാം.

## ബി.എസ്സി ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്സി (സി.ബി.സി.എസ് - 2014 അഡ്മിഷൻ റഗുലർ, 2013 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 31 വരെ

ഓൺലൈനായി അപേക്ഷിക്കാം. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ ലഭിക്കും.

## ബി.എ ടൈംടേബിൾ

കേരള സർവകലാശാല ജൂലൈയിൽ നടത്തുന്ന നാലാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയുടെ വിശദ മായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
29.06.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098